ക്രൈം ബ്രാഞ്ച് വിഭാഗത്തിന്റെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 30-12-2003-ൽ പ്രസിദ്ധീകരിച്ച ലോവർ ഡിവിഷൻ ക്ലാർക്ക് റാങ്ക് ലിസ്റ്റ് കാൻസൽ ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ക്രൈം ബ്രാഞ്ച് പി.എസ്.സി. ചെയർമാന് നേരിട്ട് കത്തെഴുതിയിട്ടുണ്ട്.

(3) കൃഷിക്കാർക്ക് ജപ്തി നോട്ടീസ് അയയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. ഷിബു ബേബിജോൺ : സർ, ഈ സഭയുടെ ഇരുഭാഗങ്ങളും വളരെ ഗൗരവമായി ചർച്ച ചെയ്യുകയും കണക്കിലെടുക്കുകയും ചെയ്ത ഒരു വിഷയമാണ് കാർഷിക മേഖലയിലെ ആത്മഹത്യ. കടത്തിനുള്ള മോറട്ടോറിയം ഗവൺമെന്റ് ഇവിടെ പ്രഖ്യാപിച്ചതാണ്. അതു പോര. ആ നടപടികൾക്കുപരി ആത്മഹത്യയെ ഫലപ്രദമായി ചെറുത്തു നില്ക്കുന്നില്ല എന്നു പറഞ്ഞ് പ്രതിപക്ഷം ഇവിടെനിന്നൊക്കെ ഇറങ്ങി പോകുന്നതാണ്. ഈ സഭയോടുള്ള അവഹേളനമാണ്. ഇപ്പോഴും പല സഹകരണ ബാങ്കുകളിൽനിന്നും ജപ്തി നടപടികൾക്കുള്ള നോട്ടീസ് ഇഷ്യൂ ചെയ്യുന്നുണ്ട്. ഇത് വീരണംകാവ് സർവ്വീസ് സഹകരണ ബാങ്ക് ഇന്നലെ അയച്ച ഒരു നോട്ടീസ് ആണ്. ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. കാർത്തികേയൻ മന്ത്രിയുടെ മണ്ഡലമാണ്. അദ്ദേഹം വളരെ ഗൗരവമായി ഈ കാര്യം എടുത്തിട്ടുണ്ട്. നിർഭാഗ്യവശാൽ അവിടെ ഭരിക്കുന്നത് എൽ.ഡി.എഫ് ആണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അവിടെ മാത്രമല്ല, പലേടത്തും നടക്കുന്നുണ്ട്. പല സംഘങ്ങളിലും നടക്കുന്നുണ്ട്.

ശ്രീ. ഷിബു ബേബിജോൺ: ഞാൻ ആക്ഷേപങ്ങളൊന്നും ഉന്നയിക്കുന്നില്ല. അതുകൊണ്ട് ആരാണ് ഇതിന് ഉത്തരവാദി എന്നു പറഞ്ഞാൽ, ഗവൺമെന്റ് നടപടി അട്ടിമറിക്കുന്നവർക്കെതിരെ ശക്തമായ നടപടിയെടുത്ത് ഗവൺമെന്റ് നയം നടപ്പിലാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): ഇതുസംബന്ധിച്ച് വീരണംകാവിലെ ഒരു കൃഷിക്കാരന്റെ ഹർജി ലഭ്യമായിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. കാർഷിക കടങ്ങൾക്ക് ജപ്തി നടപടി ഇപ്പോൾ ഇല്ല. ഒരു കൊല്ലത്തേക്ക് ഗവൺമെന്റ് മാറ്റി വച്ചിരിക്കുകയാണ്. ഒരു കൊല്ലത്തെ പലിശ കൊടുക്കുമെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇങ്ങനെ നോട്ടീസയച്ച് ബുദ്ധിമുട്ടിക്കുന്ന ഉത്തരവാദപ്പെട്ട സംഘങ്ങളുടെയും അതിനുത്തരവാദിയായ ആളുകളുടെയും മേൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പാറശ്ശാല മണ്ഡലത്തിലെ പൊൻവിള സർവ്വീസ് സഹകരണ സംഘത്തിൽനിന്നും ജപ്തി നടപടിക്ക് നോട്ടീസ് അയച്ചിരിക്കുകയാണ്. നടപടിയെടുക്കണം.

ശ്രീ. എം.വി. രാഘവൻ: നടപടിയെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഗവൺമെന്റിന്റെ തീരുമാനം ഉണ്ടായിക്കഴിഞ്ഞിട്ടും പലഭാഗത്തും ജപ്തി നടപടികൾ സഹകരണ ബാങ്ക് നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഒരു കാര്യം പറഞ്ഞു. കഴിഞ്ഞയാഴ്ച ചില അംഗങ്ങൾ കണ്ണൂർ ജില്ലയിലെ ചില പ്രദേശത്തുണ്ടായ കാര്യങ്ങൾ പറഞ്ഞു. ഗവൺമെന്റ് ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനം സഹകരണ ബാങ്കിന്റെ മാത്രമല്ല ഈ സംസ്ഥാനത്തെ കാർഷിക കടങ്ങൾക്കുള്ള ജപ്തി ഒരു വർഷത്തേക്ക് ഏത് ബാങ്കിന്റേതാണെങ്കിലും നടത്തിക്കൊടുക്കേണ്ട എന്ന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുവാൻ കഴിഞ്ഞ മന്ത്രിസഭാ യോഗം തീരുമാനം എടുത്തിരിക്കുകയാണ്. ആ തീരുമാനം എല്ലാവരേയും അറിയിക്കുകയാണ്.

(4) നിയമസഭ പാസ്സാക്കാതെ ധനവിനിയോഗം നടത്തിയതു സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: നമ്മുടെ ഭരണഘടനയുടെ 204-ാം അനുച്ഛേദമനുസരിച്ച് നിയമസഭ പാസാക്കുന്ന ഒരു നിയമം വഴി അല്ലാതെ സംസ്ഥാനത്തെ സഞ്ചിതനിധിയിൽനിന്ന് യാതൊരു തുകയും പിൻവലിക്കാൻ പാടില്ല, ചെലവഴിക്കാൻ പാടില്ല. 205-ാം അനുച്ഛേദ പ്രകാരം അധികചെലവ് ഉണ്ടാകുകയാണെങ്കിൽ അതിനെ സംബന്ധിച്ച് ധനാഭ്യർത്ഥന നിയമസഭയിൽ അവതരിപ്പിക്കുകയും അംഗീകാരം തേടുകയും വേണം എന്ന് വ്യവസ്ഥയുണ്ട്. 1983-84 മുതൽ ഇങ്ങോട്ട് കഴിഞ്ഞ ഇരുപതു വർഷക്കാലത്തെ കണക്കുകൾ മൊത്തമായി എടുത്തു പരിശോധിച്ചാൽ 1810 കോടി രൂപ നിയമസഭയറിയാതെ നമ്മൾ പാസാക്കിക്കൊടുക്കാതെ അധിക ചെലവ് വിവിധ വകുപ്പുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. യാതൊരു നിയമവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ വിഷയം ചർച്ചയ്ക്കു വരുന്നത് 27-ാം തീയതിയാണ്. അന്ന് പറയാൻ അവസരം നൽകാം.....പ്ലീസ്.....

ശ്രീ. എം.വി. ജയരാജൻ: ഞാനിത് അവതരിപ്പിക്കേണ്ട?

മി. ഡെപ്യൂട്ടി സ്പീക്കർ: 27-ാം തീയതി അവതരിപ്പിച്ചാൽ മതി.

VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 30-ാമതു റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 30-ാമതു റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ പിൻതാങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly